(ബി) 24-6-2011 വരെ മാവേലി ഹോട്ടലുകൾ പ്രവർത്തിക്കുന്നതിനാവശ്യമായ ഭക്ഷ്യധാന്യങ്ങൾ സപ്ലൈകോയിൽ നിന്നും നല്കിയിരുന്നു. ഫണ്ടിന്റെ അപര്യാപ്തമൂലം മാവേലി ഹോട്ടലുകളുടെ പ്രവർത്തനത്തിനാവശ്യമായ ഭക്ഷ്യധാന്യങ്ങൾ വിതരണം ചെയ്യാൻ സപ്ലൈകോയ്ക്ക് സാധിച്ചിട്ടില്ല എന്നതാണ് കാരണം.

(സി&ഡി) സംസ്ഥാനത്ത് താലൂക്ക് അടിസ്ഥാനത്തിൽ തുച്ഛി ഹോട്ടലുകൾ ആരംഭിക്കണമെന്ന് ബഡ്ജറ്റ് പ്രഖ്യാപനം ഉണ്ടായതിന്റെ അടിസ്ഥാനത്തിൽ കുടുംബശ്രീ പ്രോജക്ട് ഉണ്ടാക്കുകയും യൂണിറ്റുകളെ ഹോട്ടലുകൾ ആരംഭിക്കുവാൻ സജ്ജരാക്കുകയുമുണ്ടായി. എന്നാൽ ഇതിനായി താലൂക്കുകളിൽ സ്ഥലം കണ്ടെത്താൻ കഴിയാത്തതുമൂലം തുച്ഛി ഹോട്ടലുകൾ ആരംഭിച്ചിട്ടില്ല.

സപ്ലൈകോയ്ക്ക് നൽകിയ സബ്സിഡി തുക

184(*T3067) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യത്തിന് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2005 മുതൽ ഓരോ വർഷവും സപ്ലൈകോയ്ക്ക് നൽകിയ സബ്സിഡി തുക എത്രയാണ് എന്നറിയിക്കുമോ?

ഉത്തരം

വിപണി ഇടപെടലിനായി 2005 മുതൽ 2016 നവംബർ വരെ സപ്ലൈകോയ്ക്ക് നൽകിയ സബ്സിഡി തുകയുടെ വിവരങ്ങൾ താഴെ ചേർക്കുന്നു.

വർഷം	ലഭിച്ച തുക (കോടിയിൽ)
2005-06	10
2006-07	30
2007-08	50
2008-09	105
2009-10	83
2010-11	76.31
2011-12	118.35
2012-13	135
2013-14	116.02
2014-15	70
2015-16 (നവംബർ വരെ)	64

* T മാറ്റി വച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly